"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ആലുവ എസ്.എൻ.ഡി.പി. എച്ച്.എസ്.എസ്. ലെ ജൂനിയർ ഹിന്ദി അധ്യാപിക ശ്രീമതി സുവിലക്ഷ്മി. വി സമർപ്പിച്ച ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1741/2026/GEDN തീയതി,തിരുവനന്തപുരം, 27-02-2026

---

പരാമർശം:- 1. ശ്രീമതി സുവിലക്ഷ്മി. വി സമർപ്പിച്ച 16.12.2024 തീയതിയിലെ ഹർജി .

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03/05/2025, 25/07/2025 തീയതികളിലെ ഇ.സി4/27291/2024/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

ആലുവ എസ്.എൻ.ഡി.പി. ഹയർ സെക്കന്ററി സ്കൂളിലെ ഫുൾ ടൈം ജൂനിയർ ഹിന്ദി അധ്യാപികയായിരുന്ന ശ്രീമതി ലേഖ പി.കെ.യെ 01/07/2019 മുതൽ സ്ഥലം മാറ്റി നിയമിച്ചതിനെത്തുടർന്നുണ്ടായ ഒഴിവിലേക്ക്, 23/07/2021 മുതൽ മാനേജർ ഹർജിക്കാരിയായ ശ്രീമതി സുവിലക്ഷ്മി. വി യെ നിയമിച്ചു എന്നാൽ ഫുൾ ടൈം തസ്തികയിൽ പാർട്ട് ടൈം ആയി നിയമനം നൽകി എന്ന കാരണത്താൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ പ്രസ്തുത നിയമന അംഗീകാരം നിരസിക്കുകയാണുണ്ടായത്, ഹർജിക്കാരിയെ പാർട്ട് ടൈം ആയിട്ടാണ് നിയമിച്ചതെങ്കിലും, ഫുൾ ടൈം അധ്യാപികയുടെ ജോലി ചെയ്യിപ്പിക്കുകയും ചെയ്തിട്ടുള്ളതിനാൽ ടിയാളുടെ 23/07/2021 മുതലുള്ള നിയമനം ഫുൾ ടൈം ഹിന്ദി അധ്യാപികയുടേതായി പരിഗണിച്ച് അംഗീകരിക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പരാമർശം (1) ഹർ ജി സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2) സർക്കാർ പ്രസ്തുത വിഷയം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ഉത്തരവുകൾ, ചട്ടങ്ങൾ എന്നിവയുടേയും അടിസ്ഥാനത്തിൽ പരിശോധിച്ചു. ആലുവ എസ്.എൻ.ഡി.പി.എച്ച്.എസ്സ്-ലെ എൽ.ജി.ഹിന്ദി അധ്യാപികയായ ശ്രീമതി ലേഖ.പി.കെ.-യെ കഴിമ്പ്രം എസ്.എൻ.ഡി.പി. എച്ച്.എസിലേക്ക് സ്ഥലം മാറ്റിയ ഒഴിവിലാണ് ശ്രീമതി വി.സുവിലക്ഷ്മിയെ 23/07/2021 മുതൽ പാർട്ട് ടൈം ആയി മാനേജർ നിയമിച്ചത്. മാതൃ അദ്ധ്യാപിക ശ്രീമതി ലേഖ.പി.കെ, കഴിമ്പ്രം എസ്.എൻ.ഡി.പി .എച്ച്.എസിൽ നിന്നും ശമ്പളം വാങ്ങുന്നുണ്ടെന്നുള്ള രേഖ സമർപ്പിച്ചിരുന്നില്ല. മേൽ സാഹചര്യത്തിൽ ഒഴിവ് വ്യവസ്ഥാപിതമാകാത്തതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമന അപേക്ഷ നിരസിച്ചു നൽകി. തുടർന്ന് മാനേജർ വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചു എങ്കിലും ഫുൾ ടൈം തസ്തികയിൽ പാർട്ട് ടൈം ആയി നിയമിച്ചത് ക്രമപ്രകാരമല്ല എന്ന് ചൂണ്ടിക്കാട്ടി വിദ്യാഭ്യാസ

ഉപ ഡയറക്ടർ നിയമന അപ്പീൽ നിരസിച്ചു. തുടർന്ന് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി, 2019-2020 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട എൽ.ജി. ഹിന്ദി തസ്തിക ഫുൾ ടൈം ആണ്. ഫുൾ ടൈം തസ്തികയിൽ പാർട്ട് ടൈം ആയി ശ്രീമതി സുവിലക്ഷ്മിയെ നിയമിച്ചതു ക്രമപ്രകാരമല്ല, ശ്രീമതി. സുവിലക്ഷ്മിയുടേത് 23.07.2021 മുതലുള്ള നിയമനമാണ്. സർക്കാർ ഉത്തരവ് (MS) No.18/2018/SJD തീയതി 18.11.2018, ബഹു. കേരള ഹൈകോടതി ഈ വിഷയത്തിൽ റിട്ട് ഹർജി (സി) നം. 19808/2021 മുതലായ കേസുകളിൽ 10/8/2022 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് എന്നിവ പ്രകാരം 18/11/2018 മുതലുള്ളതും നിലവിൽ അംഗീകരിക്കപ്പെടാത്തതുമായ നിയമനങ്ങൾ മാനേജർ ഭിന്നശേഷി സംവരണം പാലിച്ചതിനു ശേഷം ഒഴിവ് നിലനിൽക്കുന്നുവെങ്കിൽ മാത്രമേ പരിഗണിക്കാനാകൂ. എന്നീ കാരണങ്ങളാൽ 29/09/2022 തീയതിയിലെ ഇ.സി.4/237928/2022 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ച് നൽകിയിട്ടുള്ളതാണ്.

3) ശ്രീമതി സുവിലക്ഷ്മി വി യെ 23/07/2021 മുതൽ എൽ ജി ഹിന്ദി പാർട്ട് ടൈം അദ്ധ്യാപികയായി മാനേജർ ആലുവ എസ്.എൻ.ഡി.പി സ്കൂളിൽ നിയമിച്ച സമയത്ത് പ്രസ്തുത മാനേജ്മെന്റിന് കീഴിലെ സ്കൂളുകളിൽ ഫുൾ ടൈം ബെനിഫിറ്റോടു കൂടി പാർട്ട് ടൈം തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന എൽ.ജി ഹിന്ദി അധ്യാപകരോ/തസ്തിക നഷ്ട്പ്പെട്ട് പുനർവിന്യസിക്കപ്പെട്ട സീനിയർ അധ്യാപകരോ ഉണ്ടായിരുന്നില്ല എന്നും സ്കൂളിലെ ഹാജർ പുസ്തകം പരിശോധിച്ചതിൽ നിന്നും ശ്രീമതി സുവിലക്ഷ്മി.വി 23/7/2021 മുതൽ 31/05/2023 വരെയുള്ള കാലയളവിൽ എല്ലാദിവസവും സ്കൂളിൽ ഹാജർ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും എന്നാൽ ടിയാളുടെ നിയമനം പാർടൈം ആയിട്ടായിരുന്നു എന്നതിനാൽ തന്നെ ടിയാൾ നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആഴ്ചയിൽ 03 ദിവസം സ്കൂളിൽ ഹാജരായാൽ മതിയായിരുന്നു എന്നും തെറ്റായ നിയമനം മാനേജർ നടത്തിയതിനാലാണ് പ്രസ്തുത കാലയളവിലെ നിയമനം അംഗീകരിക്കാൻ സാധിക്കാതിരുന്നത് എന്നും ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്

4) മേൽ സാഹചര്യത്തിൽ ശ്രീമതി.സുവിലക്ഷ്മി വി യുടെ 23/07/2021 മുതലുള്ള ഫുൾ ടൈം തസ്തികയിൽ, ഫുൾ ടൈം ആയി നിയമിച്ചു കൊണ്ട് പുതുക്കിയ പ്രൊപ്പോസൽ മാനേജർ സമർപ്പിക്കുന്ന മുറയ്ക്ക്, പാർട്ട് ടൈം ആയിട്ടുള്ള നിയമന ഉത്തരവ് റദ്ദ് ചെയ്യാവുന്നതും, അതോടൊപ്പം ആഴ്ച്ചയിൽ മൂന്ന് ദിവസം മാത്രമാണ് ജോലിചെയ്തിട്ടുള്ളതെങ്കിൽ ഇപ്രകാരം നിയമനാംഗീകാരം നൽകാനാകില്ല എന്നതിനാൽ ആയത് നിയമനാഗീകാരം നൽകുന്നതിന് മുൻപ് ഉറപ്പുവരുത്തിയതിനു ശേഷം, മറ്റ് എല്ലാ വിധത്തിലും ക്രമപ്രകാരമെങ്കിൽ ടി തസ്തികയിൽ 23/07/2021 മുതൽ ഫുൾ ടൈം ആയി നിയമനാംഗീകാരം നൽകുന്നതിന് ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകികൊണ്ടും, അപ്രകാരം പരാമർശം (1) ഹർജ്ജി തീർപ്പാക്കി കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലുവ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
മാനേജർ, എസ്.എൻ.ഡി.പി യോഗം സ്കൂൾസ്, കൊല്ലം
ശ്രീമതി. സുവിലക്ഷ്മി. വി, ജൂനിയർ ഹിന്ദി ടീച്ചർ, എസ്.എൻ.ഡി.പി എച്ച്.എസ്.എസ്, ആലുവ
പ്രധാനാധ്യാപിക, എസ്.എൻ.ഡി.പി എച്ച്.എസ്.എസ്, ആലുവ
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Pradeep Kumar.**
**C. O**
**Date: 27-02-2026 13:14:04**

സെക്ഷൻ ഓഫീസർ